(സി) പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ 29 പ്രധാന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നുണ്ട്. അതിൽ എസ്.എസ്.എൽ.സി. പരീക്ഷക്കുമാത്രം അഞ്ചരലക്ഷത്തിലധികം വിദ്യാർത്ഥികളും രണ്ട് തവണയായി നടത്തുന്ന കെ.ജി.ടി.ഇ. പരീക്ഷയ്ക്ക് അരലക്ഷത്തിലധികം വിദ്യാർത്ഥികളും പരീക്ഷയ്ക്കിരിക്കുന്നുണ്ട്. ഈ പരീക്ഷകളെല്ലാം സമയബന്ധിതമായി നടത്തുന്നതിനാൽ ഇതിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് എല്ലാ ജീവനക്കാരുടേയും സേവനം ആവശ്യമാണ്. ഈ സമയം വരുന്ന അപേക്ഷകളിൽ തീർപ്പു കല്പിക്കുവാൻ കാലതാമസം നേരിടാറുണ്ട്. മാത്രമല്ല പുതുതായി ലഭിക്കുന്ന അപേക്ഷകൾ അധികവും അപൂർണ്ണമായിരിക്കും. അപേക്ഷകരിൽ ഭൂരിഭാഗവും ഒന്നിലധികം തവണ പരീക്ഷ എഴുതിയിട്ടുള്ളവരായതിനാൽ റെക്കോഡുകൾ കണ്ടുപിടിച്ച് എഴുതുവാൻ കാലതാമസം നേരിടാറുണ്ട്. സ്റ്റാഫിന്റെ അപര്യാപ്തതയും ഈ കാലതാമസത്തിന് ഒരു കാരണമാണ്. മുൻകാലങ്ങളിൽ കുടിശ്ശിക ബുക്കുകൾ വിതരണം ചെയ്യുന്നതിന് ഒരു ബുക്കിന് 5 രൂപാ ക്രമത്തിൽ ഇൻസെന്റീവ് ആയി നൽകിയിരുന്നു. ഇപ്പോൾ അത് നിലവിലില്ല.

രണ്ട് വർഷങ്ങൾക്കുള്ളിൽ കിട്ടിയ അപേക്ഷകളിന്മേൽ അതാതു സെക്ഷനുകൾ തന്നെ ബുക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി, കെ.ജി.ടി.ഇ. തുടങ്ങിയ പരീക്ഷകളുടെ നടത്തിപ്പിനുവേണ്ടി നിയമിച്ച താല്കാലിക ജീവനക്കാരുടെ സേവനവും കൂടി കുടിശ്ശിക ബുക്ക് വിതരണം ചെയ്യുന്നതിന് ഉപയോഗിക്കുന്നുണ്ട്. 31-12-1999 വരെ ആറു മാസക്കാലം കൊണ്ട് 3000-ത്തിലധികം ബുക്കുകൾ വിതരണം ചെയ്തു കഴിഞ്ഞു. രണ്ട് വർഷങ്ങൾക്കു മുൻപ് ലഭിച്ച അപേക്ഷകൾ എല്ലാ സെക്ഷനുകളിലെയും ജീവനക്കാരെ കൊണ്ട് ഒരു റമ്യൂണറേഷൻ നൽകി കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയുള്ള പരീക്ഷാ കമ്മീഷണറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

മലപ്പുറം ജില്ലയിലെ ഡി.പി.ഇ.പി. പ്രവർത്തനം

19 (1227) ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ ഏതു വർഷം മുതലാണ് ഡി.പി.ഇ.പി പഠനസമ്പ്രദായം ആരംഭിച്ചത് ;

(ബി) ഇവിടെ ഡി.പി.ഇ.പി നടപ്പാക്കിയതിനു ശേഷം വിദ്യാഭ്യാസ നിലവാരത്തിൽ വന്നമാറ്റം അവലോകനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിച്ച് ചർച്ചകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഡി.പി.ഇ.പി. നടപ്പാക്കുന്നതു വഴി ഇതുവരെ മലപ്പുറം ജില്ലയിൽ എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ;

(ഇ) ഇതിൽ സ്കൂൾ കെട്ടിടം കെട്ടുന്നതിനുവേണ്ടി ചെലവഴിച്ച സംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1994-95 സ്കൂൾ വർഷമാണ് മലപ്പുറം ജില്ലയിൽ ഡി.പി.ഇ.പി. ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഡി.പി.ഇ.പി പ്രവർത്തനങ്ങളുടെ ഭാഗമായി പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കിയതിനുശേഷം കുട്ടികളുടെ പഠനം, പഠനനേട്ടങ്ങൾ, ക്ലാസ്സ് റൂം അന്തരീക്ഷം, സംവിധാനങ്ങളുടെ കാര്യക്ഷമത എന്നീ കാര്യങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ പഠനങ്ങൾ വഴി വിലയിരുത്തിയിട്ടുണ്ട്. ഈ പഠനങ്ങൾ അദ്ധ്യാപക പരിശീലനം ആസൂത്രണം ചെയ്യുന്നതിനു വേണ്ടിയാണ് പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്. ഇത് അദ്ധ്യാപകർക്കിടയിലും സംവിധാനത്തിനുള്ളിലും വ്യാപകമായി ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) 3-12-1999 വരെ 2367.59 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) സ്കൂൾ കെട്ടിടം കെട്ടുന്നതിനു വേണ്ടി 907.65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അത് ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

1.	അരിക്കോട്	61.25 ലക്ഷം രൂപ
2.	ഇടപ്പാൾ	47.95 ലക്ഷം രൂപ
3.	കീഴ്ശ്ശേരി	44.63 ലക്ഷം രൂപ
4.	കൊണ്ടോട്ടി	54.65 ലക്ഷം രൂപ
5.	കുറ്റിപ്പുറം	50.85 ലക്ഷം രൂപ
6.	മലപ്പുറം	50.93 ലക്ഷം രൂപ
7.	മഞ്ചേരി	60.56 ലക്ഷം രൂപ
8.	മങ്കട	53.44 ലക്ഷം രൂപ
9.	മേലത്തൂർ	49.46 ലക്ഷം രൂപ
10.	നിലമ്പൂർ	56.66 ലക്ഷം രൂപ
11.	പെരിന്തൽമണ്ണ	67.90 ലക്ഷം രൂപ
12.	പരപ്പനങ്ങാടി	52.57 ലക്ഷം രൂപ
13.	പൊന്നാനി	40.56 ലക്ഷം രൂപ
14.	താനൂർ	44.56 ലക്ഷം രൂപ
15.	തിരൂർ	45.48 ലക്ഷം രൂപ
16.	വേങ്ങര	62.56 ലക്ഷം രൂപ
17.	വണ്ടൂർ	63.56 ലക്ഷം രൂപ
	ആകെ	907.65 ലക്ഷം രൂപ

വിദ്യാഭ്യാസവകുപ്പിലെ അധികാര വികേന്ദ്രീകരണം

20 (1230) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ വരുന്ന ഏതെല്ലാം അധികാരങ്ങളാണ് വികേന്ദ്രീകരിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly